LIBRARY ARCHIVES Kerala Legislative Assembly

റവന്യൂകമ്മി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

136 (482) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തെയും യഥാർത്ഥ റവന്യൂ കമ്മി, ധനകമ്മി, പ്രാഥമിക കമ്മി, അധികവിഭവ സമാഹരണം, പദ്ധതിയേതര റവന്യൂശിഷ്ടവും സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് വിശദ മാക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷത്തെയും സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം (GSDP), പ്രതിശീർഷ വരുമാനം (per capita income) എന്നിവ എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷത്തേയും യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ള വിവിധ ധന സൂചകങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.**

നികുതി പിരിവ്

137 (483) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് നൽകുമോ ;

(ബി) കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിലൂടെ ലഭിച്ച തുക വർഷം തിരിച്ച് നൽകുമോ ;

(സി) 2006-2011 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭ്യമായ കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെയുള്ള നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2011-12	31708.96
2012-13	38543.09
2013-14	39463.7

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭകണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം ജനുവരി 31 വരെയുള്ള ആകെ നികുതി വരുമാനം 34864.16 കോടി രൂപയാണ്.

(ബി) കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിലൂടെ മോട്ടോർ വാഹന വകുപ്പിന് ലഭിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

സാമ്പത്തികവർഷം	തുക (കോടിയിൽ)
2011-12	12.47
2012-13	15.25
2013-14	16.81
ആകെ	44.53

കേരളത്തിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നികുതി പിരിവില്ല. വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലൂടെ ലഭിച്ച തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 2006 മുതൽ 2011-വരെ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ കണക്ക് (കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ) ചുവടെ ചേർത്തിരിക്കുന്നു :

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2006-07	15153.86
2007-08	17720.65
2008-09	20265.7
2009-10	22023.8
2010-11	26863.54

റവന്യൂ വരുമാനം

138 (484) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷത്തെയും റവന്യൂ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ; റവന്യൂ വരുമാനത്തിലും വർദ്ധനവിന്റെ നിരക്കിലും കുറവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly